## കർണാടക ജനതയെ അഭിനന്ദിച്ച് സിപിഐ എം

**ന്യൂഡൽഹി**

ബിജെപിക്കെതിരെ ശക്തമായ വിധിയെഴുതിയ കർണാടക ജനതയെ സിപിഐ എം പൊളിറ്റ്ബ്യൂറോ അഭിനന്ദിച്ചു. അങ്ങേയറ്റത്തെ ദുർഭരണവും അഴിമതിയുമാണ് ബിജെപിയുടെ പരാജയത്തിന് കാരണം. പ്രധാനമന്ത്രി നരേന്ദ്ര മോദിതന്നെ നേതൃത്വം നൽകിയ പ്രചാരണത്തിൽ ഉയർത്തിയ തീവ്രമായ വർഗീയ അജൻഡയെ ജനങ്ങൾ തള്ളിയെന്ന് ഫലം വ്യക്തമാക്കുന്നു.

ശക്തമായ ഭരണവിരുദ്ധ വികാരം കോൺഗ്രസിനെ വൻവിജയത്തിലേക്ക് നയിച്ചുവെന്നും പൊളിറ്റ്ബ്യൂറോ പ്രസ്താവനയിൽ പറഞ്ഞു.

## ദക്ഷിണേന്ത്യ ബിജെപി മുക്തമായതിൽ സന്തോഷം

**കണ്ണൂർ**



ദക്ഷിണേന്ത്യയെ ബിജെപി മുക്തമാക്കാനായത് സന്തോഷകരമെന്ന് സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ പറഞ്ഞു. വർഗീയതയോടുള്ള ശക്തമായ വിയോജിപ്പും ഭരണവിരുദ്ധ വികാരവുമാണ് കർണാടകയിൽ പ്രതിഫലിച്ചതെന്നും അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു.

പ്രധാനമന്ത്രിയും ആഭ്യന്തരമന്ത്രിയുമുൾപ്പെടെയുള്ളവർ നടത്തിയ വലിയ പ്രചാരണ കോലാഹലങ്ങൾക്കുശേഷവും ബിജെപിയെ പൂർണമായും അകറ്റിനിർത്തിയ രാഷ്ട്രീയ സാഹചര്യമുണ്ടായി. 2024 ലെ തെരഞ്ഞെടുപ്പിലും ബിജെപിയെ അകറ്റിനിർത്തുകയെന്നതാണ് അജൻഡ.

ഓരോ സംസ്ഥാനവും ഓരോ യൂണിറ്റായി ഇത് ഏറ്റെടുക്കണം. ബിജെപിക്കെതിരായ വോട്ടുകൾ മുഴുവൻ ഏകോപിപ്പിച്ച് മുന്നോട്ട് പോകാനായാൽ തോൽപ്പിക്കാൻ സാധിക്കുമെന്നതിന്റെ അനുഭവപാഠം കൂടിയാണ് കർണാടക നൽകുന്നത്. ഓരോ സംസ്ഥാനത്തും ബിജെപിയെ പരാജയപ്പെടുത്താൻ ആർക്കാണോ സാധ്യത അവരാണ് മുൻപന്തിയിൽനിന്നു പ്രവർത്തിക്കേണ്ടത്. വിജയം ദേശീയതലത്തിൽ കോൺഗ്രസിന്റെ തിരിച്ചുവരവെന്ന് പറയാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു.

## തോൽവി സമ്മതിച്ച് ബൊമ്മെ

**ബംഗളൂരു**



കർണാടകത്തിൽ തോൽവി സമ്മതിച്ച് മുഖ്യമന്ത്രി ബസവരാജ് ബൊമ്മെ. എവിടെയാണ് വീഴ്ച സംഭവിച്ചതെന്ന് തിരിച്ചറിഞ്ഞ് പരിഹാരം കാണും. ലോക്സഭാതെരഞ്ഞെടുപ്പിൽ ശക്തമായി തിരിച്ചുവരും. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബിജെപി പ്രവർത്തകരും ഒത്തൊരുമിച്ച് പ്രവർത്തിച്ചെങ്കിലും അർഹിക്കുന്ന വിജയം നേടാനായില്ലെന്നും ബൊമ്മെ പറഞ്ഞു.

## കർണാടകം കോൺഗ്രസിന് പാഠം: സച്ചിൻ പൈലറ്റ്

**ന്യൂഡൽഹി**

കർണാടകത്തിലെ ജയത്തിൽനിന്ന് കോൺഗ്രസ് നേതൃത്വം പാഠങ്ങൾ ഉൾക്കൊള്ളണമെന്ന് സച്ചിൻ പൈലറ്റ്. ബിജെപിയുടെ അഴിമതി തുറന്നുകാണിച്ചതാണ് കോൺഗ്രസ് ജയത്തിന് കാരണം. 40 ശതമാനം കമീഷൻ അടിക്കുന്ന സർക്കാരാണ് കർണാടകം ഭരിക്കുന്നതെന്ന പ്രചാരണം ജനങ്ങൾ ഏറ്റെടുത്തു– സച്ചിൻ പറഞ്ഞു. രാജസ്ഥാനിൽ മുഖ്യമന്ത്രി അശോക് ഗെലോട്ട് ബിജെപി അഴിമതിയോട് സന്ധിചെയ്തെന്ന് ആരോപിച്ചും നേതൃത്വത്തെ വെല്ലുവിളിച്ചും നടത്തുന്ന ജനസംഘർഷ് പദയാത്രയ്ക്കിടെയാണ് സച്ചിന്റെ പ്രതികരണം. നിയമസഭാ തെരഞ്ഞെടുപ്പിന് മാസങ്ങൾമാത്രം ശേഷിക്കെ ഗെലോട്ടിനെ ഉന്നമിട്ടുള്ള സച്ചിൻപൈലറ്റിന്റെ പദയാത്ര നേതൃത്വത്തിന് കടുത്ത ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്.

## ജനങ്ങളെ കേട്ടില്ലെങ്കിൽ ഇനിയും ബിജെപി തോൽക്കും: ഗുസ്തി താരങ്ങൾ

**ന്യൂഡൽഹി**

കർണാടകത്തിലെ ബിജെപി തോൽവിയെ പരിഹസിച്ച് സമരംചെയ്യുന്ന ഗുസ്തി താരങ്ങൾ. ജനങ്ങളെ കേൾക്കാൻ തയ്യാറായില്ലെങ്കിൽ ബിജെപി ഇനിയും തോൽക്കുമെന്നും ഇത് തങ്ങളെ ദ്രോഹിച്ചതിനുള്ള ശിക്ഷയാണെന്നും ഒരു താരം മാധ്യമത്തോട് പ്രതികരിച്ചു. മറ്റ് സംസ്ഥാനങ്ങളിലും അടുത്ത വർഷത്തെ പൊതുതെരഞ്ഞെടുപ്പിലും തോൽക്കുന്നതിനു മുമ്പ് ബിജെപി പുനർവിചിന്തനം നടത്തണം–താരം ആവശ്യപ്പെട്ടു.

സാമ്പത്തിക വിദഗ്ധൻ പ്രഭാത് പട്നായിക് സമരവേദിയിൽ എത്തി താരങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചു. ഞായറാഴ്ച എസ്എഫ്ഐ നേതൃത്വത്തിൽ വിദ്യാർഥികൾ സമരവേദിയിൽ എത്തും. 18ന് രാജ്യവ്യാപക മെഴുകുതിരി മാർച്ചും എസ്എഫ്ഐ സംഘടിപ്പിക്കും.

## ബാഗേപ്പള്ളിയിൽ സിപിഐ എം മൂന്നാമത്

**ബംഗളൂരു**

ബാഗേപ്പള്ളിയിൽ സിപിഐ എം സ്ഥാനാർഥി ഡോ. അനിൽകുമാർ 19,621 വോട്ട് നേടി മൂന്നാമതായി. കോൺഗ്രസിലെ എസ് എൻ സുബ്ബറെഡ്ഡിയാണ് ഇവിടെ ജയിച്ചത്. ബിജെപിയിലെ സി മുനിരാജു രണ്ടാമതെത്തി. കെജിഎഫ്, കെ ആർ പുര, ഗുൽബർഗ് റൂറൽ എന്നിവിടങ്ങളിലും സിപിഐ എം മത്സരിച്ചിരുന്നു.

# വീണത് വിദ്വേഷവും

**സാജൻ എവുജിൻ**

**ന്യൂഡൽഹി**

കർണാടകത്തിൽ തിരിച്ചടിയേറ്റത് വർഗീയ, സാമുദായിക ധ്രുവീകരണം സൃഷ്ടിച്ച് ഭരണവിരുദ്ധവികാരം മറികടക്കാനുള്ള ബിജെപി തന്ത്രത്തിന്. ഹിജാബ്, ഈദ്ഗാഹ്, ലൗജിഹാദ്, മുസ്ലിം സംവരണം എന്നിവ തെരഞ്ഞെടുപ്പ് വിഷയങ്ങളാക്കിയ ബിജെപി ഒടുവിൽ കുപ്രചാരണ സിനിമയായ 'ദ കേരള സ്റ്റോറി' സിനിമയും ആയുധമാക്കി. ഭീകരവാദ ഗൂഢാലോചനയുടെ വൃത്തികെട്ട സത്യങ്ങൾ തുറന്നുകാട്ടുന്നതാണ് 'ദ കേരള സ്റ്റോറി' സിനിമയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പൊതുയോഗത്തിൽ പറഞ്ഞു. ഈ ചിത്രത്തെ എതിർക്കുന്നവർ ഭീകരർക്കൊപ്പമാണെന്നും മോദി ആരോപിച്ചു.

കർണാടകത്തിൽ മുസ്ലിങ്ങൾക്ക് നൽകിവന്ന നാലു ശതമാനം സംവരണം അവസാനിപ്പിക്കാൻ തീരുമാനിച്ചതിന്റെ പേരിൽ ആഭ്യന്തരമന്ത്രി അമിത് ഷാ പരസ്യമായി വോട്ട് ചോദിച്ചു. ടിപ്പു സുൽത്താനെ വധിച്ചത് ബ്രിട്ടീഷുകാരല്ല, വൊക്കലിഗ സമുദായപോരാളികളാണെന്ന് ചരിത്രത്തെ വളച്ചൊടിച്ച് ബിജെപി പ്രചരിപ്പിച്ചു. വൊക്കലിഗ സമുദായത്തിലെ പ്രധാനകേന്ദ്രമായ ആദിപുഞ്ച ഗിരി മഠം ഈ വാദം തള്ളി.

വർഗീയധ്രുവീകരണത്തിലൂടെയും പണമൊഴുക്കിയും കേന്ദ്രഭരണ സംവിധാനങ്ങൾ ദുരുപയോഗിച്ചും ജനങ്ങളെ സ്വാധീനിക്കാനുള്ള എല്ലാശ്രമങ്ങളും തോറ്റമ്പി. വൻഅഴിമതികൾ പുറത്തുവന്നതോടെ ബിജെപിയുടെ മുഖം കൂടുതൽ വികൃതമായി. വർഗീയവിദ്വേഷ പ്രചാരണത്തിന് എതിരായ നടപടിയുടെ ഭാഗമായി ബജ്റംഗദളിനെ നിരോധിക്കുമെന്ന് കോൺഗ്രസ് പ്രകടനപത്രികയിൽ പറഞ്ഞത് ബിജെപി ഏറ്റുപിടിച്ചു. ബജ്റംഗ്ബലിയെ (ഹനുമാൻ) പൂട്ടാനാണ് കോൺഗ്രസ് ശ്രമിക്കുന്നതെന്ന് പ്രധാനമന്ത്രി ആരോപിച്ചു. ലിംഗായത്ത് സമുദായത്തിലെ പ്രധാന നേതാക്കൾ ബിജെപിയുമായി ഇടഞ്ഞതോടെ ഇതര സമുദായങ്ങളെ പ്രീണിപ്പിക്കാനുള്ള ശ്രമങ്ങളും കേന്ദ്ര–സംസ്ഥാന നേതൃത്വം നടത്തിനോക്കി.

## മുഖ്യമന്ത്രിയാര്... തർക്കം തുടരുന്നു

**ബംഗളൂരു**

കർണാടകത്തിലെ വമ്പൻ ജയം ആത്മവിശ്വാസം പകരുന്നെങ്കിലും മുഖ്യമന്ത്രിയാരെന്ന ചോദ്യം കോൺഗ്രസിന് കീറാമുട്ടി. മുൻ മുഖ്യമന്ത്രിയും മുതിർന്ന നേതാവുമായ സിദ്ദരാമയ്യ, സംസ്ഥാന അധ്യക്ഷനും പ്രതിസന്ധി ഘട്ടത്തിൽ പാർടിയെ കൈപിടിച്ചുയർത്തിയ നേതാവുമായ ഡി കെ ശിവകുമാർ എന്നിവരാണ് മുഖ്യമന്ത്രി പദത്തിനായി രംഗത്തുള്ളത്. ഞായറാഴ്ച ബംഗളൂരുവിൽ നടക്കുന്ന കോൺഗ്രസ് എംഎൽഎമാരുടെ യോഗം നിർണായകമാകും. കൂടുതൽ എംഎൽഎമാരുടെ പിന്തുണ നേടാനുള്ള തന്ത്രങ്ങളാണ് ഇരു നേതാക്കളും പയറ്റുന്നത്. ഇരുവരെയും തള്ളാനോ കൊള്ളാനോ കഴിയാത്ത അവസ്ഥയിലാണ് ഹൈക്കമാൻഡ്.

താൻ ഇനി മത്സരിക്കാനില്ലെന്നും ഇത് തന്റെ അവസാന അങ്കമാണെന്നും പ്രഖ്യാപിച്ച സിദ്ദരാമയ്യ ലക്ഷ്യമിടുന്നത് മുഖ്യമന്ത്രിപദം തന്നെ. 1983ലെ കന്നിയങ്കത്തിൽ വിജയക്കൊടി പാറിച്ച സിദ്ദരാമയ്യ മുഖ്യമന്ത്രി, ഉപമുഖ്യമന്ത്രി, മന്ത്രി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ജനതാദളിൽനിന്ന് 2008ലാണ് കോൺഗ്രസിൽ ചേർന്നത്.

### സിദ്ദരാമയ്യ മുഖ്യമന്ത്രി ആക്കണമെന്ന് മകൻ

**ബംഗളൂരു**

മുതിർന്ന കോൺഗ്രസ് നേതാവ് സിദ്ദരാമയ്യ മുഖ്യമന്ത്രിയാകണമെന്ന് മകൻ യതീന്ദ്ര സിദ്ദരാമയ്യ. തെരഞ്ഞെടുപ്പിൽ കോൺഗ്രസിനെ മുന്നിൽനിന്ന് നയിച്ച സംസ്ഥാന പ്രസിഡന്റ് ഡി കെ ശിവകുമാർ മുഖ്യമന്ത്രി സ്ഥാനത്തിന് അവകാശവാദം ഉന്നയിക്കാനിടയുണ്ടെന്ന് തിരിച്ചറിഞ്ഞാണ് യതീന്ദ്രയുടെ പ്രതികരണം. കോൺഗ്രസ് കേവല ഭൂരിപക്ഷം നേടുന്നതിന് മുമ്പായിരുന്നു അവകാശവാദം.

## ആഹ്ലാദം 'ഒതുക്കി' കേരള നേതാക്കൾ

**ദിനേശ്‌വർമ**

**തിരുവനന്തപുരം**

### പ്രതികരണങ്ങളിലും വൈരുധ്യം

വർഗീയ രാഷ്ട്രീയത്തിന്റെ അന്ത്യം കുറിക്കാൻ അവസരം കാത്തുനിൽക്കുന്ന രാജ്യത്തിന് നൽകുന്ന വലിയ പ്രതീക്ഷയെന്ന് കർണാടക ഫലത്തെ പലരും വിശേഷിപ്പിക്കുമ്പോഴും വൈരുധ്യം നിറഞ്ഞ പ്രതികരണങ്ങളുമായി കേരളത്തിലെ കോൺഗ്രസ് നേതാക്കൾ. ഒളിഞ്ഞും തെളിഞ്ഞും ബിജെപിയുമായി സഖ്യംചേരുന്ന കോൺഗ്രസ് നേതാക്കൾ പലരും ചെറിയ പ്രതികരണത്തിൽ 'ആഹ്ലാദം' ഒതുക്കി. അതേസമയം, നേതാക്കളുടെ അഭിപ്രായങ്ങളിൽ വൈരുധ്യം നിറഞ്ഞു.

കർണാടകത്തിൽ ഒറ്റക്കെട്ടായി നിൽക്കാൻ കഴിഞ്ഞതാണ് വിജയത്തിന് കാരണമെന്നും അത് കണ്ടുപഠിക്കണമെന്ന സൂചന നൽകുന്നതുമായിരുന്നു എ കെ ആന്റണിയടക്കം പല നേതാക്കളുടെയും പ്രതികരണങ്ങൾ. ജയം എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാലിനുകൂടി അവകാശപ്പെട്ടതാണെന്ന പ്രചാരണം ചില നേതാക്കളെ ചൊടിപ്പിച്ചു. എഐസിസി ജനറൽ സെക്രട്ടറി കെ സി വേണുഗോപാലിനെ പുകഴ്ത്തി ബിന്ദു കൃഷ്ണ യടക്കമുള്ള നേതാക്കൾ രംഗത്തുവന്നപ്പോൾ മറ്റ് നേതാക്കളെല്ലാം രാഹുലിന്റെ പേരുമാത്രം പരാമർശിച്ചു. ശശി തരൂർ കുറേക്കൂടി വ്യക്തതയോടെ പ്രതികരിച്ചു; 'കർണാടക വിജയം അവിടുത്തെ പ്രാദേശിക നേതൃത്വത്തിന്റെ വിജയമാണ്'. കേരളത്തിലെ കോൺഗ്രസിൽനിന്ന് ബിജെപിയിൽ ചേർന്ന വലിയൊരുനിര നേതാക്കൾക്കു പിന്നാലെ അങ്ങോട്ടുപോകാൻ ഒരുങ്ങി നിൽക്കുന്നവരുടെ പേരുകൾവരെ പുറത്തു വന്നിരുന്നു. തന്നെ അധ്യക്ഷനാക്കിയില്ലെങ്കിൽ ബിജെപിയിലേക്ക് പോകാൻ മടിക്കില്ല എന്നു പറഞ്ഞയാളാണ് കെ സുധാകരൻ. ആർഎസ്എസിന്റെ പരിപാടിയിൽ പങ്കെടുത്തിട്ടുള്ള വി ഡി സതീശൻ അവരുടെ വോട്ടു വാങ്ങിയതായും ആക്ഷേപമുയർന്നിരുന്നു.

യോജിപ്പെന്ന് പുറമെ വീമ്പിളക്കുമ്പോഴും അതിരൂക്ഷമായ തർക്കംമൂലം പുനഃസംഘടനപോലും നീളുകയാണ്. അധ്യക്ഷൻ എന്ന നിലയിൽ മികച്ച നിലയിൽ പ്രവർത്തിക്കാൻ സാഹചര്യങ്ങളുടെ സമ്മർദംമൂലം കഴിഞ്ഞില്ലെന്ന് കഴിഞ്ഞ ദിവസം തുറന്നു പറഞ്ഞ സുധാകരൻ പാർടിയുടെ താഴേത്തട്ടിലുള്ള ഘടകങ്ങളെല്ലാം നിർജീവമാണെന്നും പറഞ്ഞിരുന്നു. കർണാടകം കണ്ട് കേരളത്തിൽ 'പനിക്കേണ്ട' എന്ന സന്ദേശമാണ് കോൺഗ്രസ് നേതാക്കൾ തന്നെ നൽകിയിരിക്കുന്നത്.

# ഒടുക്കത്തിന്റെ തുടക്കം







**വി ബി പരമേശ്വരൻ**

വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും വർഗീയതയുടെയും രാഷ്ട്രീയംകൊണ്ട് എല്ലാ കാലത്തും ജയിക്കാൻ കഴിയില്ലെന്നതിന്റെ മികച്ച ഉദാഹരണമാണ് കർണാടകത്തിലെ വിധിയെഴുത്ത്. അഴിമതിയും ഭരണവിരുദ്ധവികാരവും ബിജെപിയെ വേട്ടയാടാൻ തുടങ്ങിയപ്പോൾ പ്രധാനമന്ത്രി മോദിയും ആഭ്യന്തരമന്ത്രി അമിത് ഷായും ആദിത്യനാഥും കടുത്ത വർഗീയ അജൻഡയാണ് പുറത്തെടുത്തത്. ബജ്റംഗദളിനെ ഹനുമാനുമായി തുലനംചെയ്യാൻ തയ്യാറായ പ്രധാനമന്ത്രി കേരളം ഭീകരവാദികളുടെ കേന്ദ്രമാണെന്ന് ധ്വനിപ്പിക്കാനായി കേരള സ്റ്റോറിയെക്കുറിച്ചും പരാമർശിച്ചു. മുസ്ലിങ്ങൾക്കുള്ള ഒബിസി ക്വോട്ട നിർത്തലാക്കിയ നടപടിയെ ഓർമിപ്പിച്ച അമിത് ഷാ കോൺഗ്രസ് ഭരണത്തിൽ വന്നാൽ കലാപമായിരിക്കും ഫലമെന്ന് വിളിച്ചു പറഞ്ഞു. ഹിജാബ് വിഷയം ഉയർത്തിയും മതപരിവർത്തന നിരോധന നിയമം ഉയർത്തിക്കാട്ടിയും ബിജെപി ആരംഭിച്ച ന്യൂനപക്ഷ വിരുദ്ധത യുപിയെയും ഗുജറാത്തിനെയും അനുസ്മരിപ്പിക്കുന്നതായിരുന്നു. തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ ഏകീകൃത സിവിൽകോഡും എൻആർസിയും നടപ്പാക്കുമെന്നും പറഞ്ഞു. ക്ഷേത്ര സമീപത്ത് മുസ്ലിങ്ങളുടെ കച്ചവടസ്ഥാപനങ്ങൾ അനുവദിക്കില്ലെന്നുവരെ ബിജെപി ആവർത്തിച്ചു. എന്നാൽ, കടുത്ത വർഗീയ പ്രചാരണംകൊണ്ടൊന്നും ഭരണവിരുദ്ധവികാരത്തെ മറികടക്കാനായില്ല.

> വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും വർഗീയതയുടെയും രാഷ്ട്രീയംകൊണ്ട് എല്ലാ കാലത്തും ജയിക്കാൻ കഴിയില്ലെന്നതിന്റെ മികച്ച ഉദാഹരണമാണ് കർണാടകത്തിലെ വിധിയെഴുത്ത്

### ദക്ഷിണേന്ത്യൻ പദ്ധതി പൊളിയുന്നു

കർണാടകത്തിലെ പരാജയം കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേക്ക് കടന്നുകയറാനുള്ള ബിജെപിയുടെ ശ്രമത്തിനും കനത്ത തിരിച്ചടിയാകും. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളെ കൂടെ നിർത്താൻ മോദിയും ബിജെപിയും ഡൽഹിയിലും കേരളത്തിലും നടത്തിയ നീക്കങ്ങൾക്ക് കനത്ത തിരിച്ചടിയായിരുന്നു മണിപ്പുരിലെ സംഭവവികാസങ്ങൾ. ക്രിസ്ത്യാനികളായ ഗോത്രവിഭാഗമാണ് അവിടെ വേട്ടയാടപ്പെട്ടത്. 42 പള്ളി തകർക്കപ്പെടുകയും ചെയ്തു. ഇപ്പോൾ ദക്ഷിണേന്ത്യയിലേക്കുള്ള ബിജെപിയുടെ കവാടമായ കർണാടകംതന്നെ കൈവിട്ടപ്പോൾ ബിജെപിയുടെ ദക്ഷിണേന്ത്യൻ പദ്ധതിയാണ് തകർന്നടിയുന്നത്.

### മോദി പ്രഭാവം മങ്ങുന്നു

ബിജെപിയുടെ അടിത്തറ വിപുലമാക്കാൻ ഇനി മോദിക്ക് കഴിയില്ലെന്നതുകൂടി ബോധ്യപ്പെടുത്തുന്നതാണ് തെരഞ്ഞെടുപ്പ് ഫലം. രാജ്യത്ത് ഇന്നുവരെ ഒരു പ്രധാനമന്ത്രിയും നടത്താത്ത രീതിയിൽ പത്തു ദിവസത്തോളം പ്രചാരണം നടത്തിയിട്ടും ഒരിഞ്ച് മുന്നേറാൻ ബിജെപിക്ക് കഴിഞ്ഞില്ല. പണം ഒഴുക്കിയുള്ള, പുഷ്പവൃഷ്ടിയോടുകൂടിയുള്ള മോദിയുടെ പ്രചാരണ ആഡംബരം ബിജെപിക്കുള്ള വോട്ട് കുറയ്ക്കുകയാണുണ്ടായതെന്ന് വ്യക്തം. ഹിമാചൽപ്രദേശിൽ എന്നപോലെ കർണാടകത്തിലും താമരചിഹ്നത്തിനുള്ള വോട്ട് മോദിക്കുള്ള വോട്ടാണെന്നു പറഞ്ഞാണ് ബിജെപി വോട്ട് പിടിച്ചത്. എന്നാൽ, രണ്ടിടത്തും ബിജെപി ദയനീയമായി പരാജയപ്പെട്ടു. മോദിയുടെ സുഹൃത്തായ ഗൗതം അദാനിയുടെ ഓഹരി കുംഭകോണവും മുൻ ജമ്മു കശ്മീർ ഗവർണർ സത്യപാൽ മലിക്കിന്റെ വെളിപ്പെടുത്തലും മണിപ്പുരിലെ വർഗീയ സംഘർഷങ്ങളും ജമ്മു കശ്മീരിൽ ആവർത്തിക്കുന്ന ഭീകരാക്രമണങ്ങളും പാകിസ്ഥാന് ഇന്ത്യൻ രഹസ്യങ്ങൾ ചോർത്തിക്കൊടുക്കാൻ ആർഎസ്എസുമായി ബന്ധമുള്ള ഉദ്യോഗസ്ഥൻ തയ്യാറായതും മറ്റും മോദിയുടെ പ്രതിച്ഛായക്ക് മങ്ങലേൽപ്പിച്ചിട്ടുണ്ട്. ഇപ്പോൾ കർണാടകത്തിലെ ദയനീയമായ തോൽവി അതിന് ആക്കംകൂട്ടുകയാണ്. ബിജെപിക്കകത്ത് മോദി–ഷാ കൂട്ടുകെട്ടിനെതിരെ രോഷം പുകയാനും ഇത് വഴിവയ്ക്കും.

### വെറുക്കപ്പെടുന്ന ഡബിൾ എൻജിൻ

ഡബിൾ എൻജിൻ സർക്കാർ എന്ന ബിജെപിയുടെ കേന്ദ്ര മുദ്രാവാക്യവും ജനങ്ങൾ തള്ളിക്കളയുന്ന കാഴ്ചയാണ് കർണാടകത്തിൽ കണ്ടത്. സ്വന്തം അനുഭവത്തിൽനിന്ന് കർണാടകത്തിലെ ജനങ്ങൾ മനസ്സിലാക്കിയത് ഡബിൾ എൻജിൻ എന്നാൽ അധികാരം കേന്ദ്രത്തിൽ കേന്ദ്രീകരിക്കുകയാണെന്നാണ്. കന്നഡ ഭാഷയ്ക്ക് പ്രോത്സാഹനം നൽകുന്നതിനു പകരം ഹിന്ദി അടിച്ചേൽപ്പിക്കാൻ നടത്തിയ നീക്കവും. നന്ദിനി പാലിനെ തകർത്ത് അമൂൽ അടിച്ചേൽപ്പിക്കാൻ നടത്തിയ നീക്കവും ഡബിൾ എൻജിൻ സർക്കാരിന്റെ ഫലമാണെന്ന് ജനങ്ങൾ കണ്ടു. അതോടൊപ്പം ഡബിൾ എൻജിൻ സർക്കാരുണ്ടായിട്ടും മണിപ്പുരിന് തീപിടിച്ചതും കർണാടകത്തിലെ ജനങ്ങളെ സ്വാധീനിച്ചിട്ടുണ്ടാകും.

### പ്രതീക്ഷയോടെ 2024

രാജ്യത്തെ മതനിരപേക്ഷ ജനാധിപത്യ ശക്തികൾക്ക് പ്രതീക്ഷ നൽകുന്ന ഭരണമാറ്റമാണ് കർണാടകത്തിലേത്. ഓരോ സംസ്ഥാനത്തും ബിജെപി വോട്ടുകൾ പരമാവധി സമാഹരിക്കാൻ അതത് സംസ്ഥാനത്തെ പ്രധാനകക്ഷികളുടെ നേതൃത്വത്തിലുള്ള കൂട്ടായ്മയ്ക്ക് കഴിഞ്ഞാൽ ബിജെപിയെ തോൽപ്പിക്കാമെന്ന സന്ദേശമാണ് കർണാടകം നൽകുന്നത്. 2024ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ദക്ഷിണേന്ത്യയിൽ ബിജെപിയെ തടയാൻ കഴിയുമെന്ന് ഉറപ്പാക്കുന്ന തെരഞ്ഞെടുപ്പ് ഫലമാണ് കർണാടകത്തിലേത്.



## ബിജെപി മുക്ത ദക്ഷിണേന്ത്യ

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

ബിജെപി മുക്ത ദക്ഷിണേന്ത്യ ജനാധിപത്യവും ഭരണഘടനാമൂല്യങ്ങളും സംരക്ഷിക്കുന്ന കാര്യത്തിൽ രാജ്യത്തിന് മുഴുവൻ വഴികാട്ടുന്നു. കർണാടകത്തിൽ തോറ്റതോടെ ഒരു ദക്ഷിണേന്ത്യൻ സംസ്ഥാനത്തും ബിജെപി സർക്കാർ അധികാരത്തിലില്ല. കേരളത്തിൽ ബിജെപിക്ക് പച്ച തൊടാൻ കഴിഞ്ഞിട്ടില്ല. 2016ൽ ഒ രാജഗോപാലിലൂടെ നേമത്ത് ബിജെപി അക്കൗണ്ട് തുറന്നെങ്കിലും 2021ൽ അത് പൂട്ടിച്ചു.

തമിഴ്നാട്ടിലും ബിജെപി ഇതുവരെ മെച്ചപ്പെട്ട പ്രകടനം കാഴ്ചവെച്ചിട്ടില്ല. 2001ൽ നാല് സീറ്റ് കിട്ടിയതിനുശേഷം രണ്ടുപതിറ്റാണ്ട് തമിഴ്നാട്ടിൽ ബിജെപി ഒരു സീറ്റ് പോലും ജയിച്ചിരുന്നില്ല. 2021ൽ എഐഎഡിഎംകെ പിന്തുണയോടെ നാല് സീറ്റ് നേടി. ആന്ധ്രാപ്രദേശിൽ 2019 തെരഞ്ഞെടുപ്പിൽ 173 സീറ്റിൽ മത്സരിച്ച ബിജെപിക്ക് ഒരിടത്തും ജയിക്കാനായില്ല. തെലങ്കാനയിൽ 2014ൽ അഞ്ച് സീറ്റുകൾ ജയിച്ചത് ബിജെപിക്ക് പ്രതീക്ഷ നൽകിയിരുന്നെങ്കിലും 2018ൽ അത് ഒറ്റസീറ്റായി ചുരുങ്ങി.

2018 തെരഞ്ഞെടുപ്പ് കഴിഞ്ഞ് 14 മാസം പിന്നിട്ടപ്പോൾ കാലുമാറ്റ രാഷ്ട്രീയത്തിലൂടെയാണ് ബിജെപി കർണാടകത്തിൽ അധികാരം പിടിച്ചത്. എന്നാൽ അവിടെയും ഇപ്പോൾ ബിജെപിയുടെ പതനം പൂർണമായി.

## വെറുപ്പിന്റെ കടയടച്ച് സ്നേഹത്തിന്റെ കടതുറന്നു: രാഹുൽ

**ന്യൂഡൽഹി**



കർണാടകയിലെ ജനങ്ങൾ വെറുപ്പിന്റെ കടയടച്ച് സ്നേഹത്തിന്റെ കടതുറന്നെന്ന് രാഹുൽ ഗാന്ധി. നിയമസഭാ തെരഞ്ഞെടുപ്പിലെ കോൺഗ്രസ് വിജയത്തിൽ ജനങ്ങളോട് നന്ദിയറിയിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തെരഞ്ഞെടുപ്പിൽ പാവപ്പെട്ടവന്റെ ശക്തിയാണ് വിജയിച്ചതെന്നും അത് രാജ്യം മുഴുവൻ വ്യാപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

## ജയിച്ച പ്രമുഖർ

- ഡി കെ ശിവകുമാർ (കോൺഗ്രസ്) - കനകപുര
- സിദ്ദരാമയ്യ (കോൺഗ്രസ്)- വരുണ
- ബസവരാജ് ബൊമ്മെ (ബിജെപി)- ഷിഗ്ഗോൺ
- എച്ച് ഡി കുമാരസ്വാമി (ജെഡിഎസ്)- ചന്നപട്ടണ
- പ്രിയങ്ക് ഖാർഗെ (കോൺഗ്രസ്)- ചിത്താപ്പൂർ
- ബി വൈ വിജയേന്ദ്ര (ബിജെപി)- ശിക്കാരിപുര
- ജി പരമേശ്വര (കോൺഗ്രസ്)- കൊരട്ടഗെരെ
- എം ബി പാട്ടീൽ (കോൺഗ്രസ്)- ബബലേശ്വർ
- യശ്പാൽ സുവർണ (ബിജെപി)- ഉഡുപ്പി
- ലക്ഷ്മൺ സാവദി (കോൺഗ്രസ്)- അത്താണി

## തോറ്റ പ്രമുഖർ

- ജഗദീഷ് ഷെട്ടാർ (കോൺഗ്രസ്)- ഹുബ്ബള്ളി ധർവാർഡ് സെൻട്രൽ
- സി ടി രവി (ബിജെപി)- ചിക്മഗളൂരു
- വി സോമണ്ണ (ബിജെപി)- വരുണ, ചാമരാജനഗർ
- നിഖിൽ കുമാരസ്വാമി (ജെഡിഎസ്)- രാമനഗരം
- ആർ അശോക (ബിജെപി)- കനകപുര
- എച്ച് നാഗേഷ് (കോൺഗ്രസ്)- മഹാദേവപുര
- ബി സി നാഗേഷ് (ബിജെപി)-തിപ്തൂർ

**കർണാടക സീറ്റ് നില**

| പാർടി | 2018 | കൂറുമാറ്റശേഷം (2019) | 2023 | വ്യത്യാസം |
|---|---|---|---|---|
| കോൺഗ്രസ് | 80 | 69 | 136 | +56 |
| ബിജെപി | 104 | 120 | 65 | -39 |
| ജെഡിഎസ് | 37 | 32 | 19 | -18 |
| മറ്റുള്ളവർ | 3 | 0 | 4 | +1 |
| ഒഴിവ് | 0 | 2 | 0 | |

**പോളിങ് ശതമാനം**

2018: 72.13 % 2023: 73.19 %

**വോട്ടിങ് ശതമാനം**

| പാർടി | 2018 | 2023 | വ്യത്യാസം |
|---|---|---|---|
| കോൺഗ്രസ് | 36.35 | 42.9 | +6.55 |
| ബിജെപി | 38.14 | 36 | -2.14 |
| ജെഡിഎസ് | 18.3 | 13.3 | -5 |

## കാലുമാറ്റക്കാർക്ക് കാലിടറി

തെരഞ്ഞെടുപ്പിന് മുമ്പ് പാർടി മാറി സീറ്റ് ഉറപ്പാക്കിയവരിൽ ഭൂരിപക്ഷത്തിനും കാലിടറി. എട്ടു പേരാണ് ഇത്തരത്തിൽ മത്സരിച്ചത്.

ബിജെപിയിൽനിന്ന് ആറു പേരും എൻസിപിയിൽനിന്ന് ഒരാളുമടക്കം ഏഴു പേരാണ് കോൺഗ്രസ് ടിക്കറ്റിൽ മത്സരിച്ചത്. ഇതിൽ ജഗദീഷ് ഷെട്ടാറടക്കം അഞ്ചു പേരും തോറ്റു. ബിജെപി വിട്ട് എൻസിപിയിൽ ചേർന്ന എൻ ശങ്കറിനും വിജയിക്കാനായില്ല

### ജയിച്ചവർ

**ലക്ഷ്മൺ സാവദി (കോൺഗ്രസ്)**

യെദ്യൂരപ്പ സർക്കാരിൽ ഉപമുഖ്യമന്ത്രി. അത്താണി മണ്ഡലത്തിൽ ബിജെപി സ്ഥാനാർഥി മഹേഷ് കുമത്തല്ലിയെ തോൽപ്പിച്ചു.

**എൻ വൈ ഗോപാലകൃഷ്ണ (കോൺഗ്രസ്)**

ആറു തവണ ബിജെപി എംഎൽഎ. മൊളകാൽമുരുവിൽ ബിജെപിയുടെ എസ് തിപ്പസ്വാമിയെ തോൽപ്പിച്ചു.

**കെ എം ശിവലിംഗെ ഗൗഡ (കോൺഗ്രസ്)**

ജനതാദൾ എംഎൽഎയായിരുന്നു. അരിസിക്കെരെയിൽനിന്ന് ജനതാദളിന്റെ എൻ ആർ സന്തോഷിനെ തോൽപ്പിച്ചു.

### തോറ്റവർ



**ജഗദീഷ് ഷെട്ടാർ (കോൺഗ്രസ്)**

കർണാടക മുൻ മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ബിജെപി സംസ്ഥാന പ്രസിഡന്റ്. ഹുബ്ലിധാർവാഡ് സെൻട്രൽ മണ്ഡലത്തിൽ ബിജെപിയുടെ മഹേഷ് തേങ്ങിനാകൈയോട് തോറ്റു.

**ബാബുറാവു ചിഞ്ചസൂർ (കോൺഗ്രസ്)**

മുൻ ബിജെപി മന്ത്രി, അഞ്ചു തവണ എംഎൽഎ. ഗുർമിത്കൽ മണ്ഡലത്തിൽ ജെഡിഎസിന്റെ ശരണ ഗൗഡയോട് തോറ്റു.

**പുട്ടണ്ണ (കോൺഗ്രസ്)**

ബിജെപി എംഎൽസിയായിരുന്നു. ബംഗളൂരു രാജാജിനഗർ സീറ്റിൽ ബിജെപിയുടെ എസ് സുരേഷ് കുമാറിനോട് തോറ്റു.

**എച്ച് നാഗേഷ് (കോൺഗ്രസ്)**

മുൻമന്ത്രി. ബിജെപിയെ പിന്തുണച്ചിരുന്ന സ്വതന്ത്ര എംഎൽഎ. മഹാദേവപുരയിൽ ബിജെപിയുടെ എസ് മഞ്ജുളയോട് തോറ്റു.

**എൻ ശങ്കർ (എൻസിപി)**

മുൻ ബിജെപി മന്ത്രി. റാണിബെന്നൂർ എൻസിപി സ്ഥാനാർഥിയായിരുന്നു. കോൺഗ്രസിലെ പ്രകാശ് കോളിവാഡിനോട് തോറ്റു.

(റിസേർച് ഡെസ്ക്)

- മോദിയെത്തിയ 42 മണ്ഡലത്തിൽ 22ലും ബിജെപി തോറ്റു
- അമിത് ഷാ എത്തിയ 30 സീറ്റിൽ 20ലും തോറ്റു




## ഡബിൾ എൻജിൻ പാളംതെറ്റി

**പ്രത്യേക ലേഖകൻ**

**ന്യൂഡൽഹി**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പതനത്തിന്റെ തുടക്കമാണ് കർണാടക ഫലം. തെരഞ്ഞെടുപ്പുകളിൽ ജയിക്കാൻ 'മോദിപ്രഭാവം' മതിയെന്ന് ബിജെപി കരുതുകയും വലിയ വിഭാഗം മാധ്യമങ്ങൾ അത് പ്രചരിപ്പിക്കുകയും ചെയ്തുവന്നു. കർണാടകത്തിൽ ബിജെപിക്ക് മേൽവിലാസം നൽകിയ ബി എസ് യെദ്യൂരപ്പയെ മാറ്റിനിർത്തി പ്രധാനമന്ത്രിയാണ് നേരിട്ട് പ്രചാരണം നയിച്ചത്. പ്രചാരണത്തിന്റെ അവസാനവാരം 19 റാലിയിലും ആറ് റോഡ് ഷോയിലും മോദി പങ്കെടുത്തു. ബംഗളൂരു റോഡ് ഷോ 29 കിലോമീറ്റർ ദൈർഘ്യമുള്ളതായിരുന്നു.

സംസ്ഥാനത്ത് ഭരണനേട്ടങ്ങളൊന്നും ഉയർത്തിക്കാട്ടാൻ ഇല്ലാത്തതിനാൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കരങ്ങൾക്ക് ശക്തിപകരാൻ വോട്ട് ചെയ്യുക എന്നതായിരുന്നു ബിജെപിയുടെ മുദ്രാവാക്യം. 'ഇരട്ട എൻജിൻ സർക്കാർ', തീവ്രഹിന്ദുദേശീയത എന്നിവയായിരുന്നു മോദിയുടെ പ്രചരണായുധം. യെദ്യൂരപ്പ, ജഗദീഷ് ഷെട്ടാർ, ലക്ഷ്മൺ സാവദി എന്നിവരെ തഴഞ്ഞ് സ്ഥാനാർഥികളെ നിശ്ചയിക്കാൻ ബിജെപി ധൈര്യം കാട്ടിയതും മോദി രക്ഷിക്കുമെന്ന വിശ്വാസത്തിൽ.

നേരത്തേ മോദി പ്രചാരണം നടത്തിയ കേരളം, തമിഴ്നാട്, ബംഗാൾ, ഒഡിഷ, ഡൽഹി, പഞ്ചാബ് നിയമസഭാ തെരഞ്ഞെടുപ്പുകളിലും ബിജെപി പരാജയപ്പെട്ടിട്ടുണ്ട്.ബിജെപി ഭരണത്തിലായിരുന്ന ഹിമാചൽപ്രദേശിലും ഇപ്പോൾ കർണാടകത്തിലും പ്രധാനമന്ത്രിയുടെ പ്രചാരണം ഫലിച്ചില്ല. വരുംനാളുകളിൽ മോദിയുടെയും അമിത് ഷായുടെയും അപ്രമാദിത്വം ബിജെപിക്കുള്ളിൽ ചോദ്യംചെയ്യപ്പെടും. കാർഷികനിയമങ്ങൾ, തൊഴിൽകോഡുകൾ, പൊതുമേഖലയുടെ സ്വകാര്യവൽക്കരണം എന്നീ വിഷയങ്ങളിൽ സംഘപരിവാറിനുള്ളിൽത്തന്നെ മോദിസർക്കാരിനെതിരെ അമർഷം ശക്തമാണ്. ബിഎംഎസ്, സ്വദേശി ജാഗരൺ മഞ്ച് സംഘടനകൾ ഇക്കാര്യം പരസ്യമായി പറഞ്ഞിട്ടുണ്ട്.

## താമര തീരത്തൊതുങ്ങി

**അനീഷ് ബാലൻ**

**മംഗളൂരു**

കർണാടക തെരഞ്ഞെടുപ്പിൽ തീവ്ര വർഗീയ പ്രചാരണം നടത്തിയ ബിജെപി തീരദേശത്തൊതുങ്ങി. വൊക്കലിഗ സമുദായത്തിന്റെ ശക്തികേന്ദ്രമായ മൈസൂരു മേഖലയിൽ ആകെയുള്ള 61 സീറ്റിൽ 39ഉം കോൺഗ്രസ് നേടി. 2004നു ശേഷം ആദ്യമായി കുടകിലെ രണ്ടു സീറ്റും നേടി. വൊക്കലിഗ സമുദായത്തിന്റെ ഹൃദയഭൂമി എന്നറിയപ്പെടുന്ന മാണ്ഡ്യയിൽ, ഏഴിൽ ആറു സീറ്റും കോൺഗ്രസ് നേടി. 2018ൽ ഇവിടെ 30 സീറ്റ് നേടിയ ജെഡിഎസ് 16ൽ ഒതുങ്ങി. ബിജെപിക്ക് ആറു സീറ്റ്. സംഘപരിവാർ വർഗീയതയുടെ പരീക്ഷണശാലയാക്കി മാറ്റിയ തീരദേശ കർണാടകത്തിൽ ബിജെപി പിടിച്ചുനിന്നു. 19 സീറ്റിൽ 13ൽ ബിജെപി ജയിച്ചു. നാലു സീറ്റ് നഷ്ടമായി. ഹിജാബിനെതിരായ പ്രതിഷേധം തുടങ്ങിയ ഉഡുപ്പി ജില്ലയിലെ അഞ്ച് സീറ്റും ബിജെപി കൈയടക്കി. തീരമേഖലയിൽ കോൺഗ്രസിന് ആറും ജെഡിഎസിന് പൂജ്യം സീറ്റുമാണ്.

മധ്യ കർണാടകത്തിലെ 26 സീറ്റിൽ 18ൽ കോൺഗ്രസ് ജയിച്ചു. 2018ൽ അഞ്ചു സീറ്റായിരുന്നു. 21 സീറ്റിൽനിന്ന് ബിജെപി ആറിലേക്ക് ഒതുങ്ങി. ജെഡിഎസിനും സ്വതന്ത്രനും ഓരോ സീറ്റ്. ബിജെപിയുടെ സി ടി രവി ചികമഗളൂരുവിൽ തോൽവി ഏറ്റുവാങ്ങി.

ലിംഗായത്തുകളുടെ സമഗ്ര ആധിപത്യമുള്ള ബിജെപി കോട്ടയെന്ന് അവകാശപ്പെട്ടിരുന്ന വടക്കൻ കിറ്റൂർ കർണാടകത്തിൽ കോൺഗ്രസ് കടന്നുകയറി. 50 സീറ്റിൽ 33ഉം നേടി. 2018ൽ 30 സീറ്റ് ജയിച്ച ബിജെപി 16ൽ ഒതുങ്ങി. ഹാവേരി ജില്ലയിൽ മുഖ്യമന്ത്രി ബസവരാജ് ബൊമ്മെ മത്സരിച്ച ഷിഗ്ഗോൺ മാത്രമാണ് ബിജെപിക്ക് നിലനിർത്താനായത്.

40 സീറ്റുള്ള വടക്കുകിഴക്കൻ കല്യാണ കർണാടകത്തിൽ കോൺഗ്രസ് സീറ്റ് 25 ആയി ഉയർത്തി. ബിജെപി 15ൽ നിന്ന് 11 ആയി കുറഞ്ഞു.

കല്യാണ രാജ്യ പ്രഗതി പക്ഷ (കെആർപിപി) എന്ന പാർടി ഉണ്ടാക്കി മത്സരിച്ച ഖനി വ്യാപാരി ഗാലി ജനാർദൻ റെഡ്ഡി ഗംഗാവതി സീറ്റിൽ വിജയിച്ചു. ബല്ലാരി സിറ്റി മണ്ഡലത്തിൽ ബിജെപി സ്ഥാനാർഥിയായ ജി സോമശേഖര റെഡ്ഡി തോറ്റു. സ്വന്തം സഹോദരനെതിരെ കെആർപിപി സ്ഥാനാർഥിയെ നിർത്തിയാണ് ജനാർദൻ റെഡ്ഡി കരുനീക്കിയത്. കോൺഗ്രസ് ജയിച്ചു. കെആർപിപി സ്ഥാനാർഥി രണ്ടാമതെത്തി. മറ്റൊരുസഹോദരനും ബിജെപി സ്ഥാനാർഥിയുമായ ജി കരുണാകര റെഡ്ഡി ഹാരപ്പനഹള്ളിയിലും തോറ്റു. 28 സീറ്റുള്ള ബംഗളൂരു നഗരത്തിൽ ബിജെപി 15 സീറ്റും കോൺഗ്രസ് 13 സീറ്റും നേടി.

## കോൺഗ്രസിന് ഗുണമായത് ലിംഗായത്ത്, വൊക്കലിഗ പിന്തുണ

**ടി ചന്ദ്രമോഹൻ**



**38 വർഷമായി** ഒരു കക്ഷിയും ഭരണത്തുടർച്ച നേടാത്ത കർണാടകം ഇത്തവണയും പതിവ് തെറ്റിച്ചില്ല. അഞ്ചു വർഷത്തിനുശേഷം കോൺഗ്രസിന് വ്യക്തമായ ഭൂരിപക്ഷത്തോടെ അധികാരത്തിലെത്താൻ അവസരമൊരുക്കിയത് പ്രാദേശിക സാമുദായിക ശക്തികളുടെ പിന്തുണ. നേതാക്കളുടെ വാക്പോരും വെല്ലുവിളികളും തീവ്രവർഗീയ പ്രചാരണവും സൃഷ്ടിച്ച കോലാഹലങ്ങൾക്കുശേഷം മാറിമറിഞ്ഞ ജാതി സമുദായ പിന്തുണയും ഭരണവിരുദ്ധവികാരവും കോൺഗ്രസിന് അനുകൂലമായി. ഭരണവിരുദ്ധവികാരം മറികടക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ബിജെപി ഇറക്കിയ വർഗീയ കാർഡിനെ മതനിരപേക്ഷ മനസ്സുള്ള കന്നഡികർ കീറിയെറിഞ്ഞു. ബിജെപി പ്രകടനപത്രികയിൽ അവതരിപ്പിച്ച ഹിജാബ്, ലൗജിഹാദ്, ഏകീകൃത സിവിൽ കോഡ്, എൻആർസി തുടങ്ങിയ വിഷയങ്ങളൊന്നും ഏശിയില്ല. മുസ്ലിങ്ങൾക്കുണ്ടായിരുന്ന നാലു ശതമാനം ഒബിസി സംവരണം എടുത്തു കളഞ്ഞ് രണ്ടു ശതമാനംവീതം ലിംഗായത്ത്, വൊക്കലിഗ സമുദായങ്ങൾക്ക് അനുവദിച്ചതും പട്ടികജാതി സംവരണത്തിൽ ഉപസംവരണം ഏർപ്പെടുത്തിയതും ബിജെപിക്ക് തിരിച്ചടിയായി. പരമ്പരാഗതമായി ജെഡിഎസിന് ലഭിച്ചിരുന്ന ഒരു വിഭാഗം വോട്ടുകൾ ഇത്തവണ കോൺഗ്രസിലേക്ക് മറിഞ്ഞു. 2018ലെ തെരഞ്ഞെടുപ്പിനേക്കാൾ അഞ്ചു ശതമാനം വോട്ട് ജനതാദളിന് കുറഞ്ഞപ്പോൾ ആ വോട്ടുകൾ കോൺഗ്രസിനാണ് ലഭിച്ചത്.

ലിംഗായത്ത് (17 ശതമാനം), വൊക്കലിഗ (14 ശതമാനം) സമുദായങ്ങളിലെ വലിയൊരു വിഭാഗത്തിന്റെ പിന്തുണയും ന്യൂനപക്ഷങ്ങൾ ഒപ്പംനിന്നതും മുംബൈ കർണാടക, മധ്യ കർണാടക, ഹൈദരാബാദ് കർണാടക, പഴയ മൈസൂരു, ബംഗളൂരു നഗരമേഖലകളിൽ കോൺഗ്രസിന് മേൽക്കൈ നേടാൻ സഹായിച്ചു. ലിംഗായത്തുകളെ അധികം ആശ്രയിക്കാതെ വിശാലമായ ഹിന്ദുത്വ വോട്ട് അടിത്തറ സൃഷ്ടിക്കാനുള്ള മോദി–അമിത് ഷാ സഖ്യത്തിന്റെ രാഷ്ട്രീയതന്ത്രങ്ങൾക്കേറ്റ തിരിച്ചടി കൂടിയാണിത്. മുംബൈ കർണാടക, മധ്യ കർണാടക മേഖലയിൽ ലിംഗായത്ത് സമൂഹത്തിന് സ്വാധീനമുള്ള 67 മണ്ഡലത്തിൽ 42 സീറ്റ് ഇത്തവണ കോൺഗ്രസ് നേടി. മൂന്നു പതിറ്റാണ്ട് മുമ്പ് നഷ്ടപ്പെട്ട ലിംഗായത്ത് പിന്തുണയാണ് കോൺഗ്രസ് തിരിച്ചുപിടിച്ചത്. കഴിഞ്ഞ തവണ 41 സീറ്റ് നേടിയ ബിജെപി 20ൽ ഒതുങ്ങി. ബി എസ് യെദ്യൂരപ്പ, ജഗദീഷ് ഷെട്ടാർ, ലക്ഷ്മൺ സാവന്ത് ഉൾപ്പെടെയുള്ള ലിംഗായത്ത് സമുദായ നേതാക്കളെ മുന്നിൽ നിർത്തി മത്സരിച്ചപ്പോഴാണ് സമുദായ പിന്തുണയിൽ ബിജെപി മുന്നിലെത്തിയത്. വൊക്കലിഗ സ്വാധീനമേഖലയിലും കോൺഗ്രസ് മുന്നേറ്റം നടത്തി. പഴയ മൈസൂരു മേഖലയിൽ പ്രധാന വോട്ടുബാങ്കായ വൊക്കലിഗ സമുദായത്തിലെ ഭൂരിഭാഗവും ജെഡിഎസിനെയാണ് പരമ്പരാഗതമായി പിന്തുണച്ചിരുന്നത്. ഡി കെ ശിവകുമാർ പിസിസി പ്രസിഡന്റായതോടെ വൊക്കലിഗ സമുദായത്തിലെ വലിയൊരു വിഭാഗം കോൺഗ്രസിലേക്ക് മാറി. ജെഡിഎസ് നേതാവ് കുമാര സ്വാമിയുടെ പ്രാധാന്യം നഷ്ടപ്പെട്ടതും ഇതിനൊരു കാരണമാണ്. ഭാവി മുഖ്യമന്ത്രിയായാണ് ശിവകുമാറിനെ സമുദായം കാണുന്നത്. ഈ സമുദായത്തിന് ഭൂരിപക്ഷമുള്ള 44 മണ്ഡലത്തിൽ 23 ഇടത്തും കോൺഗ്രസ് വിജയിച്ചു. കഴിഞ്ഞ തവണ 22 സീറ്റ് നേടിയ ജെഡിഎസ് ഒമ്പതിടത്ത് ഒതുങ്ങി. 11 സീറ്റിൽ ബിജെപി. ദളിത് വിഭാഗങ്ങൾക്ക് സ്വാധീനമുള്ള 39 മണ്ഡലത്തിൽ 25ഉം കോൺഗ്രസ് നേടി. ജെഡിഎസ് ആറും ബിജെപി ഏഴും. ആദിവാസി സ്വാധീനമേഖലയിലെ 10 സീറ്റും മുസ്ലിം സ്വാധീനമേഖലകളിലെ 18ൽ 13 സീറ്റും കോൺഗ്രസ് നേടി.

## ജലന്ധർ കോട്ട തകർന്ന് കോൺഗ്രസ്

**ലോക്സഭയിലെ ഏക എഎപി പ്രതിനിധിയായി സുശീൽ റിങ്കു**
**ഒഡിഷയിലെ ജാർസുഗുഡ മണ്ഡലം ബിജു ജനതാദൾ നിലനിർത്തി**
**യുപിയിലെ രണ്ടു സീറ്റിൽ അപ്ന ദൾ**

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

പഞ്ചാബിലെ ജലന്ധർ ലോക്സഭാ സീറ്റിലെ ഉപതെരഞ്ഞെടുപ്പിൽ വൻ തിരിച്ചടിയേറ്റ് കോൺഗ്രസ്. പതിറ്റാണ്ടുകളായി കോൺഗ്രസ് കോട്ടയായിരുന്ന മണ്ഡലം എഎപിയുടെ സുശീൽ റിങ്കു 58,691 വോട്ടിന്റെ ഭൂരിപക്ഷത്തിൽ പിടിച്ചെടുത്തു. ഭാരത് ജോഡോ യാത്രയ്ക്കിടെ കുഴഞ്ഞുവീണുമരിച്ച സന്തോഖ് സിങ് ചൗധരിയുടെ ഭാര്യ കരംജിത് കൗറിനെ രംഗത്തിറക്കിയെങ്കിലും കോൺഗ്രസ് പച്ചതൊട്ടില്ല. ലോക്സഭയിലെ ഏക എഎപി പ്രതിനിധിയായി സുശീൽ റിങ്കു മാറി. ചതുഷ്കോണ മത്സരം നടന്ന ഇവിടെ മൂന്നാമതായി അകാലിദൾ എത്തിയപ്പോൾ ബിജെപിക്ക് കെട്ടിവച്ച പണം നഷ്ടപ്പെട്ടു.

നിയമസഭാ ഉപതെരഞ്ഞെടുപ്പ് നടന്ന ഒഡിഷയിലെ ജാർസുഗുഡ മണ്ഡലം ബിജു ജനതാ ദൾ നിലനിർത്തി. പൊലീസുകാരന്റെ വെടിയേറ്റുമരിച്ച ആരോഗ്യമന്ത്രി നബ ദാസിന്റെ മകൾ കീർത്തി ദാസ് 48,619 വോട്ടിന് ബിജെപിയുടെ തങ്കധർ ത്രിപാഠിയെ തോൽപ്പിച്ചു. കോൺഗ്രസ് സ്ഥാനാർഥിക്ക് 4133 വോട്ടേ ലഭിച്ചുള്ളൂ. മുഖ്യമന്ത്രി നവീൻ പട്നായിക്കിനെതിരെ കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാന്റെ നേതൃത്വത്തിൽ കാടിളക്കി പ്രചാരണം നടത്തിയിട്ടും ബിജെപി ചിത്രത്തിൽനിന്ന് അപ്രത്യക്ഷമായി.

യുപി നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ സുവാർ സീറ്റ് സമാജ്‌വാദി പാർടിയിൽനിന്ന് പിടിച്ചെടുത്ത അപ്ന ദൾ ചാൻബെ സീറ്റ് നിലനിർത്തുകയും ചെയ്തു. എസ്പി കോട്ടയായ റാംപുർ ജില്ലയിലെ സുവാറിൽ ബിജെപി സഖ്യകക്ഷിയായ അപ്ന ദൾ സ്ഥാനാർഥി ഷഫീഖ് അഹമ്മദ് അൻസാരി 8724 വോട്ട് ഭൂരിപക്ഷം നേടി. എസ്പി നേതാവ് അസം ഖാന്റെ മകൻ അബ്ദുള്ള അസം ഖാനെ രണ്ടുവർഷം തടവിനു വിധിച്ചതാണ് ഉപതെരഞ്ഞെടുപ്പിലേക്ക് നയിച്ചത്. ചാൻബെയിൽ അപ്ന ദളിന്റെ റിങ്കി കോൾ ഒമ്പതിനായിരത്തിൽപ്പരം വോട്ടിന് ജയിച്ചു.മേഘാലയയിലെ സോഹിയോങ് സീറ്റിൽ യുണൈറ്റഡ് ഡെമോക്രാറ്റിക് പാർടിയുടെ സിൻഷാർ കുപാർ റോയ് താബ 3400 വോട്ടിന് ഭരണകക്ഷിയായ എൻപിപിയെ പരാജയപ്പെടുത്തി. ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിനിടെ യുഡിപി സ്ഥാനാർഥി മരിച്ചതോടെ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് മാറ്റിവച്ചിരുന്നു.

## മോദിയെ 'തോൽപ്പിക്കാതെ' മാധ്യമങ്ങൾ

**ന്യൂഡൽഹി**

കർണാടക തെരഞ്ഞെടുപ്പ് ഫലം പുറത്തുവരുമ്പോൾ പരാജയത്തിൽനിന്ന് മോദിയെ 'രക്ഷിച്ച്' ദേശീയ മാധ്യമങ്ങൾ. കോൺഗ്രസ് വൻ ലീഡ് പിടിച്ചതോടെ ചാനലുകൾ നൽകിയിരുന്ന മോദി ചിത്രം പിൻവലിച്ച് പകരം ജെ പി നദ്ദയെ 'ബലിയാടാക്കി'. മോദിയോടൊപ്പം നൽകിയിരുന്ന രാഹുൽ ചിത്രവും ചാനലുകൾ പിൻവലിച്ചു . പകരം ഖാർഗെയുടെ ചിത്രം നൽകി. അന്തിമഘട്ടത്തിൽ എത്തിയപ്പോൾ പല ചാനലുകളും പാർടി ചിഹ്നങ്ങൾ മാത്രമാക്കി.

## ബിജെപിയെ 'ജയിപ്പിച്ചത്' ഏഷ്യാനെറ്റ്- സുവർണ മാത്രം

**ബംഗളൂരു**

കർണാടകത്തിൽ കോൺഗ്രസിന് മുൻതൂക്കമെന്ന് ഭൂരിപക്ഷം എക്സിറ്റ് പോളുകളും പ്രവചിച്ചപ്പോൾ ബിജെപി ജയിക്കുമെന്ന പ്രഖ്യാപനം നടത്തിയത് ഏഷ്യാനെറ്റ് സുവർണ മാത്രം. തൂക്കുസഭയ്ക്ക് സാധ്യതയെന്നായിരുന്നു എല്ലാ പ്രവചനങ്ങളും. പ്രധാനപ്പെട്ട 10 എക്സിറ്റ്പോൾ ഫലത്തിൽ ഏഴിലും കോൺഗ്രസായിരുന്നു ഏറ്റവും വലിയ ഒറ്റക്കക്ഷി. അതിൽത്തന്നെ അഞ്ച് എക്സിറ്റ്പോൾ കേവല ഭൂരിപക്ഷമായ 113ൽ കൂടുതൽ സീറ്റ് കോൺഗ്രസിന് കിട്ടുമെന്നും പ്രവചിച്ചു.

എന്നാൽ, 117 സീറ്റുവരെ നേടി ബിജെപി വലിയ ഒറ്റക്കക്ഷിയാകുമെന്നും കേവലഭൂരിപക്ഷം കടക്കുമെന്നുമാണ് ഏഷ്യാനെറ്റ് സുവർണ പ്രഖ്യാപിച്ചത്.